ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ

13 [*130] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ഭവന നിർമ്മാണ ബോർഡ് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് ;

(സി) ലക്ഷം വീടുകളിൽപ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീടാക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ഡി) എങ്കിൽ ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള 90208 ലക്ഷം വീടുകൾ നവീകരിക്കുന്നതിനായി 360.832 കോടി രൂപയ്ക്കുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) 2004-05-ൽ ആരംഭിച്ച് അടുത്ത മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കാൻ ആണ് ഉദ്ദേശിക്കുന്നത്.

തോട്ടമുണ്ടാക്കുന്നതിനായി പാട്ട വ്യവസ്ഥയിൽ നൽകിയ ഭൂമി

14 [*131] ശ്രീ. എ. സി. മൊയ്തീൻ :

,, വി. ചെന്താമരാക്ഷൻ :

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ട വ്യവസ്ഥയിൽ തോട്ടമുണ്ടാക്കുന്നതിനായി നൽകിയ ഭൂമി തിരിമറി നടത്തുകയും തോട്ടങ്ങൾ വിപുലീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഇങ്ങനെ ചെയ്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly